**ഭരണഭാഷ -മാതൃഭാഷ**

**നം.ക്യൂ.ഐ.പി.(1)/49367/13**

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്

തിരുവനന്തപുരം, തീയതി: 24.09.2013

## സർക്കുലർ

വിഷയം:- "ഗുണമേൻമയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം" എന്ന പദ്ധതിയുടെ കീഴിൽ വരുന്ന സ്ക്കൂളുകളുടെ പ്രഥമാദ്ധ്യാപകരുടെയും ജില്ലാവിദ്യാഭ്യാസ ആഫീസർമാരുടെയും മേഖലാതല യോഗം - സംബന്ധിച്ച്

സൂചന:-

..............

"ഗുണമേൻമയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം" എന്ന പദ്ധതി 2006 -07 ൽ അനുവദിച്ചു. ഇപ്പോൾ ഏഴുവർഷം പിന്നിട്ടിരിക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി എടുത്ത മിക്ക വിദ്യാലയങ്ങളിലും, വിജയശതമാനത്തിലും, ഗുണനിലവാരത്തിലും ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. 2013 -14 വർഷത്തെ ക്യൂ.ഇ.പി. ആർ. ലിസ്റ്റിൽ ഉൾപ്പെട്ട സ്ക്കൂളുകളിലെ പ്രഥമാദ്ധ്യാപകരുടെ ഏകദിന ശില്പശാല രണ്ട് മേഖലകളിലായി 28.09.12013 ന് എറണാകുളം അദ്ധ്യാപകഭവനിലും 1.10.2013 ന് കോഴിക്കോട് നളന്ദാ ആഡിറ്റോറിയത്തിലും നടത്തുന്നതാണ്. ശില്പശാലയിൽ പ്രഥമാദ്ധ്യാപകൻ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന പ്രഫോർമ പൂരിപ്പിച്ചു കൊണ്ട് വരേണ്ടതാണ്. 2012- 13 അദ്ധ്യയന വർഷം 100% വിജയം കരസ്ഥമാക്കിയ 32 സ്ക്കൂളുകൾ 2013 -14 വർഷത്തിലെ ക്യൂ.ഇ.പി.ആർ സ്ക്കൂളുകളുടെ പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പ്രസ്തുത സ്ക്കൂൾ ഹെഡ്മാസ്റ്റർമാർ ടി യോഗത്തിൽ പങ്കെടുക്കേണ്ടതില്ല.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലുള്ളവർ എറണാകുളം അദ്ധ്യാപക ഭവനിലും തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ളവർ കോഴിക്കോട് നളന്ദാ ടൂറിസ്റ്റ്ഹോമിലും ആണ് പങ്കെടുക്കേണ്ടത്.

28.09.2013, 1.10.2013 എന്നീ ദിവസങ്ങളിൽ നടക്കുന്ന മേഖലാതല യോഗത്തിൽ ബന്ധപ്പെട്ട ജില്ലാവിദ്യാഭ്യാസ ആഫീസർമാരും, പ്രഥമാദ്ധ്യാപകരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് എല്ലാ ജില്ലാവിദ്യാഭ്യാസ ആഫീസർമാരും ബന്ധപ്പെട്ട ക്യൂ.ഇ.പി. ആർ. ഹെഡ്മാസ്റ്റർമാർക്ക് കൈമാറേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

**വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും**

**ജില്ലാവിദ്യാഭ്യാസ ആഫീസർമാർക്കും**

# ക്യൂ.ഇ.പി.ആർ പദ്ധതി - അവലോകനം 2013-14

വിദ്യാഭ്യാസ ജില്ല :

സ്കൂളിന്റെ പേരും അഡ്രസ്സും :

സ്കൂളിലെ ഫോൺ നമ്പറും

ഇ-മെയിൽ അഡ്രസ്സും :

ഹെഡ്മാസ്റ്ററുടെ മൊബൈൽ നമ്പർ :

9, 10 ക്ലാസ്സുകളിൽ ആകെ കുട്ടികളുടെ എണ്ണം | IX - | X - |

**1. ഉച്ചഭക്ഷണം**

9, 10 ക്ലാസ്സുകളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുക്കുന്നുണ്ടോ? | ഉണ്ട് / ഇല്ല |

ഏതു തീയതി മുതൽ | |

എത്ര കുട്ടികൾക്ക് | IX - | X - |

പ്രത്യേകം ഹാജർ ബുക്ക് സൂക്ഷിക്കുന്നുണ്ടോ? | ഉണ്ട് / ഇല്ല |

വ്യത്യസ്ത കറികൾ നൽകുന്നുണ്ടോ? | ഉണ്ട് / ഇല്ല |

**2. ലഘുഭക്ഷണം**

10-ാം ക്ലാസ്സിലെ കുട്ടികൾക്ക് വൈകുന്നേരങ്ങളിൽ ക്ലാസ്സ് ആരംഭിച്ചുവോ? | ആരംഭിച്ചു / ആരംഭിച്ചില്ല |

ആരംഭിച്ചുവെങ്കിൽ ഏത് തീയതി മുതൽ | |

എത്ര കുട്ടികൾ ക്ലാസ്സിൽ പങ്കെടുക്കുന്നു? | |

ലഘുഭക്ഷണം നൽകുന്നുണ്ടോ? | ഉണ്ട് / ഇല്ല |

ഏത് തീയതി മുതൽ | |

| സ്വന്തമായി പാചകം ചെയ്ത് നൽകുന്നു |
| വാങ്ങി നൽകുന്നു |

**3. മെഡിക്കൽ ക്യാമ്പ്**

10-ാം ക്ലാസ്സിലെ കുട്ടികൾക്ക് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചുവോ? [ സംഘടിപ്പിച്ചു / സംഘടിപ്പിച്ചില്ല ]

സംഘടിപ്പിച്ചുവെങ്കിൽ എത്ര കുട്ടികൾ പങ്കെടുത്തു? [ ]

സംഘടിപ്പിച്ച തീയതി [ ] എത്ര ഡോക്ടർമാർ പങ്കെടുത്തു? [ ]

**4. കൗൺസലിംഗ്**

10-ാം ക്ലാസ്സിലെ കുട്ടികൾക്ക് കൗൺസലിംഗ് സംഘടിപ്പിച്ചുവോ? [ സംഘടിപ്പിച്ചു / സംഘടിപ്പിച്ചില്ല ]

സംഘടിപ്പിച്ചുവെങ്കിൽ എത്ര പ്രാവശ്യം? [ ]

എത്ര കുട്ടികൾ പങ്കെടുത്തു? [ ]

സംഘടിപ്പിച്ച തീയതി [ ]

എത്ര ഡോക്ടർമാർ പങ്കെടുത്തു? [ ]

**5. ബയോളജി/ ഇംഗ്ലീഷ് വിഷയങ്ങൾക്ക്, ദിവസവേതനടിസ്ഥാനത്തിൽ അധ്യാപക നിയമനം**

ബയോളജി/ ഇംഗ്ലീഷ് വിഷയങ്ങൾക്ക് ദിവസവേതനടിസ്ഥാനത്തിൽ

അധ്യാപകരെ നിയമിച്ചിട്ടുണ്ടോ? [ ഉണ്ട് / ഇല്ല ]

ഉണ്ടെങ്കിൽ ഏത് വിഷയങ്ങൾക്ക്എത്ര പേരെ ഇത്തരത്തിൽ നിയമിച്ചിട്ടുണ്ട്? [ ബയോളജി - ] [ ഇംഗ്ലീഷ് - ]

ഏത് തീയതി മുതൽ [ ]

(നിയമിച്ചവരുടെ പേര്, യോഗ്യത തുടങ്ങിയ വിശദാംശങ്ങൾ പ്രത്യേകം ഷീറ്റിൽ ചേർക്കുക)

**6. മറ്റ് വിഷയങ്ങൾ**

സംസ്ഥാന തലത്തിൽ നിർദേശിച്ചിരുന്ന പ്രവർത്തനങ്ങളിൽ താങ്കളുടെ സ്കൂൾ ഏറ്റെടുത്തിട്ടുള്ള മറ്റ് പ്രവർത്തനങ്ങൾ ഏതെല്ലാം?

| | |
|---|---|
| 1 | 2 |
| 3 | 4 |

**7. മുൻ വർഷം ലഭിക്കാനുള്ള ഫണ്ടുകൾ ഏതെങ്കിലും കുടിശ്ശികയായി ഉണ്ടോ?**
(വിദ്യാഭ്യാസ ഓഫീസർ അതാതു വർഷം അംഗീകരിച്ചത് മാത്രം)

| വർഷം | ഇനം | ചെലവായ തുക | അനുവദിച്ച തുക | ബാക്കി ലഭിക്കാനുള്ള തുക |
|---|---|---|---|---|
| | | | | |
| | | | | |

**8. സ്കൂളിൽ പഠനത്തിൽ ഏറ്റവും മുൻനിരയിൽ നിൽക്കുന്നതും പിൻനിരയിൽ നിൽക്കുന്നതുമായി 5 കുട്ടികളുടെ വീതം പേര്, അഡ്രസ്സ്, വീട്ടിലെ ഫോൺ നമ്പർ**
(പ്രത്യേകം ഷീറ്റിൽ)

സീൽ ഹെഡ്മാസ്റ്ററുടെ പേരും ഒപ്പും

**നിർദേശങ്ങൾ**

- സംസ്ഥാനതല അർദ്ധവാർഷിക റിവ്യു മീറ്റിംഗുകൾ 2013 സെപ്റ്റംബർ 28, ഒക്ടോബർ 1 തീയതികളിൽ നടക്കുന്നു. പ്രസ്തുത റിവ്യു മീറ്റിംഗിൽ ബന്ധപ്പെട്ട എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും ക്യു.ഇ.പി.ആർ സ്കൂൾ ഹെഡ്മാസ്റ്റർമാരും പങ്കെടുക്കേണ്ടതാണ്.
- എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ റിവ്യു മീറ്റിംഗ് 28.09.2013ന് എറണാകുളം അധ്യാപകഭവനിൽ വച്ചും കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, ജില്ലകളിലെ റിവ്യു മീറ്റിംഗ് 01.10.2013ന് കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ വച്ചും നടക്കുകയാണ്.
- ഫോർമാറ്റ് പ്രിന്റ് എടുത്ത് പൂരിപ്പിച്ചു കൊണ്ടു വേണം റിവ്യു മീറ്റിംഗിൽ വരേണ്ടത്. ഇത് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്. തെറ്റായ വിവരങ്ങൾ നൽകിയിട്ടില്ലെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്
- ജൂൺ മാസം മുതലുള്ള Monthly Progress Report നൽകിയിട്ടില്ലാത്ത സ്കൂളുകൾ റിവ്യു മീറ്റിംഗിന് വരുമ്പോൾ അവ കൂടി കൊണ്ടുവരേണ്ടതാണ്.
- തങ്ങളുടെ സ്കൂളിൽ നാളിതുവരെ **നടത്തിയ മാതൃകാ പ്രവർത്തനങ്ങളുടെ** സംക്ഷിപ്ത വിവരണവും ഫോട്ടോകളും **സമർപ്പിക്കാവുന്നതാണ്.**
- പ്രത്യേകമായി സൂക്ഷിക്കേണ്ടതിനാൽ **കുട്ടികളുടെ പേര്, അഡ്രസ്സ്, വീട്ടിലെ** ഫോൺ നമ്പർ എന്നിവ പ്രത്യേകം ഷീറ്റിൽ നൽകേണ്ടതാണ്. **ആദ്യം മിടുക്കരായവരുടെ പേരുകൾ** എഴുതേണ്ടതാണ്.

- നൽകുന്ന വിവരങ്ങൾക്ക് ഹെഡ്മാസ്റ്റർ പൂർണ്ണ ഉത്തരവാദിയായിരിക്കും എന്നതിനാൽ യാതൊരു തെറ്റായ വിവരവും നൽകാൻ പാടുള്ളതല്ല.
- ഫോർമാറ്റുകൾ പൂരിപ്പിക്കുന്നതുമായോ മറ്റെന്തെങ്കിലും വിഷയവുമായോ ഉണ്ടാകുന്ന സംശയങ്ങൾ പരിഹരിക്കുന്നതിന് താഴെ നൽകിയിട്ടുള്ള നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

9496268605 (സുജീവ്) 9400195265 (ക്യു.ഐ.പി വിഭാഗം)

24/12/13

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി